effecting of the Railway link between Mattancherry halt and Krishnapuram *via* Alleppey; and

(b) if so, the details thereof?

Minister for Works (SHRI K. I. VELAYUDHAN):

(a) This Government have recommended the Ernakulam-Alleppey-Mavelikkara (or Kayamkulam) line for inclusion in the Central Second Five Year Plan.

(b) The proposal is to have a coastal line about 60 to 70 miles long connecting important trading places like Alleppey with Cochin Port. Further details can be had only when the line is surveyed.

ശ്രീ. പ്രാക്കുളം ഭാസി: എന്നാണിതു് കേന്ദ്ര ഗവണ്മെൻറിലേയ്ക്കു് അയച്ചതു്?

ശ്രീ. കെ. ഐ. വേലായുധൻ: നോട്ടീസില്ലാതെ അതു പറയാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി: റെയിൽവെവകുപ്പുമന്ത്രി ശ്രീ. അളകേശൻ ഇവിടെ വന്നപ്പോൾ ഇക്കാര്യത്തെപ്പറ്റി ചർച്ച ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: ഇതിനെ സംബന്ധിച്ചു് കേന്ദ്ര ഗവണ്മെൻറുമായി സംസാരിച്ചിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: മന്ത്രി ശ്രീ. അളകേശനുമായി സംസാരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീ. അളകേശനെക്കാൾ വലിയ മന്ത്രിയുമായി സംസാരിച്ചിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഈ ലൈൻ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ലെന്നു ശ്രീ. അളകേശൻ ഇവിടെ വന്നപ്പോൾ പറയുകയുണ്ടായില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ പറഞ്ഞതിട്ടില്ല.

ശ്രീ. പി. കെ. ചാത്തൻ: കുന്നംകുളം ലൈൻ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

എമ്പ്ലോയ്മെൻറ് എക്സ്ചേഞ്ചു്.

✱ 60. [9] ശ്രീ. സി. എ. മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾ എംപ്ലോയിമെൻറ് എക്സ്ചേഞ്ചു മുഖേന മാത്രമേ നടത്താവൂ എന്നു കാണിച്ചു് ഗവണ്മെൻറിൽനിന്നും വകുപ്പധ്യക്ഷന്മാർക്കു് വ്യക്തമായ നിർദ്ദേശം നൽകിയിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നൽകിയിരുന്നെങ്കിൽ ഏതെല്ലാം വകുപ്പധ്യക്ഷന്മാർ ഈ ഉത്തരവിനെ ലംഘിച്ചു പ്രവർത്തിച്ചു; എത്ര നിയമനങ്ങൾ നടത്തി;

(സി) ഗവണ്മെൻറിന്റെ മുൻ ഉത്തരവിനെ, ഭാഗികമായി അസാധുവാക്കുന്ന ഏതെങ്കിലും പുതിയ നിർദ്ദേശങ്ങൾ ഈ അടുത്ത കാലത്തു് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല. എന്നാൽ, പബ്ലിക് സർവ്വീസു് കമ്മിഷന്റെ പരിധിയിൽപ്പെടാവുന്ന ഒഴിവുകളിലേയ്ക്കു് നിയമനം നടത്തുമ്പോൾ എംപ്ലോയിമെൻറ് എക്സ്ചേഞ്ചുമായി ആലോചിച്ചു നടത്തണമെന്ന നിർദ്ദേശമുണ്ടു്.

(ബി) ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഗവണ്മെൻറിനു് അറിവില്ല.

ശ്രീ. സി. എ. മാത്യു: കഴിഞ്ഞ കൊല്ലം വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നടത്തിയ നിയമനങ്ങളെപ്പറ്റി, അവ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു് മുഖേനയല്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ പരാതിയൊന്നും ലഭിച്ചിട്ടുള്ളതായി അറിവില്ല. ഈ മാതിരി നിയമനങ്ങൾ നടക്കുമ്പോൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിന്റെ നിർദ്ദേശംകൂടി നിശ്ചയമായും ഗണിച്ചിട്ടുണ്ടാവാം.

ഗ്രാമവൈദ്യുതീകരണം.

* 61. [10] ശ്രീ. കെ കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവൈദ്യുതീകരണ പദ്ധതിയനുസരിച്ചു് കഴിഞ്ഞ കൊല്ലം ചെയ്തീർക്കുവാനുദ്ദേശിച്ചിരുന്ന ഏതെല്ലാം ജോലികൾ ഇനിയും പൂർത്തിയാകേണ്ടതുണ്ടു്;

(ബി) ഈ വിഷയത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണമെന്താണു്;

(സി) നെയ്യാറിൻകര താലൂക്കിൽ, കുന്നത്തുകാൽ, പെരുങ്കടവിള, കാഞ്ഞിരംകുളം, പൂവ്വാർ എന്നീ സ്ഥലങ്ങളിലേയ്ക്കു് വൈദ്യുതി ദീർഘിപ്പിക്കുവാനുള്ള പണികൾ എന്തെല്ലാം ഇതിനകം ചെയ്തുകഴിഞ്ഞിട്ടുണ്ടു്;

(ഡി) ആ വക ജോലികൾ എന്നത്തേയ്ക്കു പൂർത്തിയാകും?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. വി. വേലായുധൻ):

(എ) 1954–55-ൽ ചെയ്തീർക്കുവാനുദ്ദേശിച്ചിരുന്ന 225 കേന്ദ്രങ്ങളിൽ 125 കേന്ദ്രങ്ങളിലെ പണി വർഷാവസാനത്തിൽ പൂർത്തിയായിട്ടുണ്ടായിരുന്നു. ശേഷമുള്ള കേന്ദ്രങ്ങളിലെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

1954–55-ൽ പുതുതായി 10,000 ഉപഭോക്താക്കൾക്കു് വിദ്യുച്ഛക്തി നൽകാൻ ഉദ്ദേശിച്ചിരുന്നതിൽ 9274 പേർക്കു നൽകുവാൻ സാധിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly